# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നമ്പർ ഇ1/6215/14

തിരുവനന്തപുരം
തീയതി : 23-08-2014

വിഷയം - സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ശ്രീമതി. ബ്രിജിത്ത്. ഇ, ശിശുവികസന പദ്ധതി ആഫീസർ , തിരൂരങ്ങാടി - അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1) 30-05-2013, 01-09-2013, ലെ , തിരൂരങ്ങാടി ശിശുവികസന പദ്ധതി ആഫീസറുടെ അപേക്ഷ

2) ഈ കാര്യാലയത്തിലെ 14-05-2013 ലെ ഇതേ നമ്പർ ഉത്തരവ്

തിരൂരങ്ങാടി ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി ബ്രിജിത്ത്. ഇ, *പരാമർശം 2 പ്രകാരം 29-05-2013 വരെ ചികിത്സയ്ക്കായി* അർദ്ധവേതനാവധിയിലായിരുന്നു. ഇതിന് തുടർച്ചയായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ 30-05-2013 മുതൽ 31-08-2013 വരെ അർദ്ധവേതനാവധിയും 01-09-2013 മുതൽ 31-12-2013 വരെ ആർജ്ജിതാവധിയും അനുവദിക്കണമെന്ന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ജീവനക്കാരിയുടെ അപേക്ഷ പരിഗണിച്ച് തിരൂരങ്ങാടി ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി ബ്രിജിത്ത്. ഇയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ 30-05-2013 മുതൽ 31-08-2013 വരെ അർദ്ധവേതനാവധിയും 01-09-2013 മുതൽ 31-12-2013 വരെ ആർജ്ജിതാവധിയും അർഹതാ വിധേയമായി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തിരൂരങ്ങാടി ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി ബ്രിജിത്ത് അവധിയിൽ പ്രവേശിച്ചിരുന്നില്ലായിരുന്നുവെങ്കിൽ ഇതേ തസ്തികയിൽ തന്നെ തുടരുമായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു. മേൽപറഞ്ഞ അവധിക്കാലയളവിൽ തിരൂരങ്ങാടി ശിശുവികസന പദ്ധതി ഓഫീസറുടെ പൂർണ്ണ അധിക ചുമതല ടി ഓഫീസിലെ സൂപ്പർവൈസർ ശ്രീമതി എം ജയശ്രീ വഹിച്ച നടപടിക്ക് സാധൂകരണം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ശ്രീമതി ബ്രിജിത്ത്
ശിശുവികസന പദ്ധതി ഓഫീസർ, തിരൂരങ്ങാടി
ശ്രീമതി എം. ജയശ്രീ, സൂപ്പർവൈസർ, തിരൂരങ്ങാടി

പകർപ്പ്

എക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
ജില്ലാ സാമൂഹ്യനീതി ഓഫീസർ, മലപ്പുറം.
ജില്ലാ പ്രോഗ്രാം ഓഫീസർ, മലപ്പുറം

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്